ISC Ultrashine Excel Sheet launched

# ഐ.എസ്.സി – യുടെ അൾട്രാഷൈൻ എക്സ്എൽ ഷീറ്റ് കേരള വിപണിയിൽ

കൊച്ചി: ഇന്ത്യയിലെ പ്രമുഖ സ്ഥാപനമായ രുചി ഗ്രൂപ്പിന്റെയും ജപ്പാൻ കേന്ദ്രീകരിച്ചുള്ള മിത്സുയി കമ്പനിയുടെയും സംയുക്ത സംരംഭമായ ഇന്ത്യൻ സ്റ്റീൽ കോർപറേഷൻ ലിമിറ്റഡ് (ഐ.എസ്.സി)പുതിയ അൾട്രാഷൈൻ എക്സ്എൽ ഷീറ്റ് കേരളവിപണിയിൽ അവതരിപ്പിച്ചു.

നാല് ഇഞ്ച് വീതിയിൽ കളർ കോട്ടിങ്ങോടെയുള്ള ഇന്ത്യയിലെ ആദ്യത്തെ അൾട്രാകോട്ട് ഷീറ്റാണിത്. കോൾഡ് റോൾഡ് സ്റ്റീൽ, ഗാൽവനൈസ്ഡ് സ്റ്റീൽ, കളർ കോട്ടട് ഷീറ്റ്, കോയിലുകൾ തുടങ്ങിയവയുടെ പ്രമുഖ ഉൽപ്പാദകരാണ് ഐ.എസ്.സി. ഗുജറാത്തിലെ കുച്ച് ജില്ലയിലെ ഭിമാസറിലാണ് ഉൽപ്പാദന യൂണിറ്റ്. ഏറ്റവും നൂതനമായ ഉൽപ്പന്നങ്ങളിലൂടെയാണ് ഐഎസ്സി ഉപഭോക്താക്കളെ സീപിക്കുന്നതെന്ന് ഐ.എസ്.സി മാർക്കറ്റിങ് വൈസ് പ്രസിഡന്റ് ആർ.കെ. ലോധി പറഞ്ഞു. പരമാവധി വാട്ടർ പ്രൂഫിങ് ലഭിക്കത്തക്ക രീതിയിൽ ഓവർലാപ്പിങ് കിട്ടത്തക്ക രീതിയിലാണ് നിർമാണം. 650 എംപിഎ സ്ട്രെങ്ത്ത് ലഭിക്കും. മണിക്കൂറിൽ 180 കിലോമീറ്റർവരെ വേഗത്തിലുള്ള കാറ്റിനെ ചെറുക്കാനും കരുത്തുണ്ടെന്ന് അവർ അവകാശപ്പെട്ടു. വിവിധ വർണങ്ങളിൽ ലഭിക്കുന്ന ഷീറ്റുകൾ വിമാനത്താവളങ്ങൾ, സ്റ്റേഡിയം, വ്യവസായ സ്ഥാപനങ്ങൾ, വീടുകൾ തുടങ്ങിയവയ്ക്കെല്ലാം മേൽക്കൂരയായി ഉപയോഗിക്കാം.

2005ൽ ആരംഭിച്ചതു മുതൽ ഐഎസ്സി 25 ശതമാനം വാർഷിക വളർച്ച കുറിച്ചിട്ടുണ്ട്. പ്രമുഖ ഓട്ടോ കമ്പനികളായ ടാറ്റ, ബജാജ്, അശോക് ലയ്‌ലൻഡ്, എഎംഡബ്ല്യു, ഫോഴ്സ്, ജനറൽ, ഐഷർ തുടങ്ങിയവയുടെ അംഗീകാരം ഇതിനകം ഐഎസ്സി നേടി കഴിഞ്ഞു.